**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4598** **19-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാട്ടുകളുടെ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലാശയങ്ങളോട് ചേർന്ന് നിൽക്കുന്ന കണ്ടൽക്കാട്ടുകളുടെ സർവ്വേ നടത്താൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലാശയങ്ങളോട് ചേർന്ന് നിൽക്കുന്ന കണ്ടൽക്കാട്ടുകളുടെ സർവ്വെ വനം വകുപ്പ് നേരിട്ട് നടത്തിയിട്ടില്ല. എന്നാൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചിയും കേരള വനം വകുപ്പും സംയുക്തമായി നടത്തിയ 'Scoping study to develop people-inclusive livelihood based governance strategy for the long term conservation of mangrove forests of Kerala' അടിസ്ഥാനമാക്കി തയ്യാറാക്കിയ ഡിസംബർ-2022 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്താകെ 1000 Sq.m ന് മുകളിൽ വിസ്തൃതിയുള്ള കണ്ടൽക്കാട്ടുകൾ 1798.25 ഹെക്ടർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) | സ്വകാര്യഭൂമിയിലെ ഇത്തരത്തിലുള്ള കണ്ടൽക്കാട്ടുകൾ നശിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | സ്വകാര്യഭൂമിയിലെ ഇത്തരത്തിലുള്ള കണ്ടൽക്കാട്ടുകൾ നശിപ്പിക്കപ്പെടുന്നത് പലയിടങ്ങളിലും വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാത് പ്രദേശങ്ങൾ ഉൾപ്പെടുന്ന ടെറിട്ടോറിയൽ റെയിഞ്ച് ഓഫീസ് ആയതിന്മേൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | ഇത്തരത്തിലുള്ള കണ്ടൽക്കാട്ടുകൾ സംരക്ഷിത വനമേഖലയായി പ്രഖ്യാപിക്കുമോ; വിശദമാക്കാമോ? | (സി) | കണ്ടൽക്കാട്ടുകളുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് അത്തരം പ്രദേശങ്ങളിൽ ചിലവ കണ്ടൽ റിസർവ്വുകളായി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ